**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3008** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഫിഷ് മാർട്ടുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ മത്സ്യഫെഡിന് കീഴിൽ എത്ര ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അതിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ; | (എ) | കോട്ടയം ജില്ലയിൽ മത്സ്യഫെഡിന്റെ കീഴിൽ 13 ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. ടി ഫിഷ് മാർട്ടുകളിൽ എസ്.എച്ച്.ജി അംഗങ്ങളും, കട്ടർമാരും ഉൾപ്പെടെ ആകെ 43 പേരാണ് ജോലി ചെയ്യുന്നത്. |
| (ബി) | പ്രസ്തുത ഫിഷ് മാർട്ടുകളിലെ ജീവനക്കാരുടെ വേതനം നിലവിൽ എപ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ എത്ര രൂപയാണ് അവർക്ക് വേതനമായി ലഭിക്കുന്നതെന്നും ഇത് എന്നാണ് അവസാനമായി പരിഷ്ക്കരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | സ്വയം സഹായ ഗ്രൂപ്പ് അംഗങ്ങൾക്ക് പ്രതിമാസ വിറ്റുവരവ് തുകയുടെ 3% വേതനമായി നൽകുന്നു. കൂടാതെ ഫിഷ് മാർട്ടിന്റെ മാസം തോറുമുള്ള അറ്റലാഭത്തിന്റെ 20% ഇൻസെന്റീവിനും അർഹതയുണ്ട്. പ്രസ്തുത വേതന വ്യവസ്ഥ ഇപ്പോഴും പ്രാബല്യത്തിലുണ്ട്. |
| (സി) | വേതന വർദ്ധനവ് ആവശ്യപ്പെട്ട് ഫിഷ് മാർട്ടിലെ ജീവനക്കാർ നടത്തിവരുന്ന സമര പരിപാടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മത്സ്യഫെഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഇവർ മുന്നോട്ടു വെച്ച ആവശ്യങ്ങളിൽ എസ്.എച്ച്.ജി അംഗങ്ങളുടെ വേതനം ബാങ്ക് മുഖേന നൽകണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ട്. 23/12/2022- ൽ നടന്ന ചർച്ചയുടെ തീരുമാനങ്ങൾ അടങ്ങിയ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇവർ മുന്നോട്ട് വച്ചിട്ടുള്ള ആവശ്യങ്ങൾ മത്സ്യഫെഡ് അംഗീകരിച്ചിട്ടുണ്ടോ എന്നും ഇതുമായി ബന്ധപ്പെട്ട് 23.12.2022 ന് മത്സ്യഫെഡ് ഹെഡ് ഓഫീസിൽ വച്ച് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; പ്രസ്തുത യോഗതീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | മത്സ്യഫെഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഇവർ മുന്നോട്ടു വെച്ച ആവശ്യങ്ങളിൽ എസ്.എച്ച്.ജി അംഗങ്ങളുടെ വേതനം ബാങ്ക് മുഖേന നൽകണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ട്. 23/12/2022- ൽ നടന്ന ചർച്ചയുടെ തീരുമാനങ്ങൾ അടങ്ങിയ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | സംസ്ഥാനത്ത് മായം കലർന്നതും ഗുണനിലവാരം കുറഞ്ഞതുമായ മത്സ്യങ്ങളുടെ വിപണനം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ഫിഷ് മാർട്ടുകളിലെ തൊഴിലാളികളുടെ വേതന വർദ്ധനവ് അടക്കമുള്ള പ്രശ്നങ്ങൾ രമ്യമായി പരിഹരിച്ച് ഫിഷ് മാർട്ടുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | വേതന നിരക്കിലെ വർദ്ധനവ് ഇപ്പോൾ പരിഗണനയിലില്ല. മാർട്ടുകളിലെ വിൽപ്പനയ്ക്ക് ആനുപാതികമായി എസ്.എച്ച്.ജി അംഗങ്ങൾക്ക് വേതനം നൽകി വരുന്ന സാഹചര്യത്തിൽ, വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് വേതനത്തിന്റെ തുകയും വർദ്ധിക്കുന്നതാണ്. ഫിഷ് മാർട്ടുകളിലെ ഗുണഭോക്താക്കളുടെ ആവശ്യകത കണക്കിലെടുത്ത് |

| | | | |
|---|---|---|---|
| | | | ഏറ്റവും ഗുണനിലവാരമുള്ള മത്സ്യം പരമാവധി സംഭരിച്ച് കൃത്യമായി ഫിഷ് മാർട്ടുകളിൽ എത്തിക്കണമെന്നും, ഫിഷ് മാർട്ടുകൾ നിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള സമയം പൂർണ്ണമായും തുറന്നിരിക്കണമെന്നും, ഉപഭോക്താക്കളോട് ഏറ്റവും സൗഹാർദപരമായി ഇടപെട്ടു കൊണ്ട് പരമാവധി വില്പന ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കോട്ടയം ജില്ലാ മത്സ്യഫെഡ് എംപ്ലോയിസ് കോൺഗ്രസ്സ് (INTUC) പ്രതിനിധികളുമായി മത്സ്യഫെഡ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ 23/12/2022-ൽ നടന്ന യോഗത്തിന്റെ മിനിട്ട്സ്.**

ഹാജർ

| | | | |
|---|---|---|---|
| 1. | ശ്രീ റ്റി. മാനോഹരൻ | - | മത്സ്യഫെഡ് ചെയർമാൻ |
| 2. | ശ്രീ ഇർഷാദ് എം.എസ് | - | ജനറൽ മാനേജർ & മാനേജിംഗ് ഡയറക്ടർ ഇൻചാർജ് |
| 3. | ശ്രീ കെ.കെ പ്രേംകുമാർ | - | സെക്രട്ടറി, INTUC, ജില്ല കമ്മിറ്റി , കോട്ടയം. |
| 4. | ശ്രീ. റോണി മോൻ.റ്റി.എൽ | - | കോട്ടയം ജില്ലാ മത്സ്യഫെഡ് എംപ്ലോയീസ് കോൺഗ്രസ്സ് |
| 5. | ശ്രീ പ്രതീഷ് | - | കോട്ടയം ജില്ലാ മത്സ്യഫെഡ് എംപ്ലോയീസ് കോൺഗ്രസ്സ് |
| 6. | ശ്രീ ജോസഫ് | - | കോട്ടയം ജില്ലാ മത്സ്യഫെഡ് എംപ്ലോയീസ് കോൺഗ്രസ്സ് |
| 7. | ശ്രീ. എൻ അനിൽ | - | ഡെപ്യൂട്ടി ജനറൽ മാനേജർ (അക്കൗ) |
| 8. | ശ്രീ.ഹരിദാസ് .ആർ | - | ഡെപ്യൂട്ടി ജനറൽ മാനേജർ (ധനകാര്യം) |
| 9. | ശ്രീമതി രമ ആർ മേനോൻ | - | മാനേജർ (കോ.) |

യോഗം 10.30-ന് ആരംഭിച്ചു.

കോട്ടയം INTUC സെക്രട്ടറി 12/12/2022 ന് നൽകിയ നോട്ടീസ് പ്രകാരം 22/12/2022 മുതൽ കോട്ടയം ജില്ലയിലെ മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ചിരിക്കുകയാണെന്ന അറിയിപ്പ് ലഭിച്ചതുമായി ബന്ധപ്പെട്ട് മത്സ്യഫെഡ് ചെയർമാൻ ടി പ്രതിനിധികളെ ചർച്ചക്ക് ക്ഷണിക്കുയുണ്ടായി. INTUC യുടെ 4 പ്രതിനിധികളാണ് ചർച്ചയിൽ പങ്കെടുത്തത്. മാർട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് അവരുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുവാൻ മത്സ്യഫെഡ് തയ്യാറാണെന്ന് ചെയർമാൻ അറിയിച്ചു. തുടർന്ന് മാർട്ടുകളിലെ ജിവനക്കാരെ സ്ഥിരപ്പെടുത്തൽ, അവർക്കുള്ള ഇൻസെന്റീവ് വർദ്ധിപ്പിക്കൽ, യൂണിഫോം അലവൻസ് എന്നിവ മത്സ്യഫെഡ് നൽകുക എന്നീ ആവശ്യങ്ങൾ നേരത്തെ ഉന്നയിച്ചതിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനെക്കുറിച്ച് അവർ പരാതി ഉന്നയിച്ചു.

ഇത് സംബന്ധിച്ച് ഓരോ ആവശ്യങ്ങളെ സംബന്ധിച്ചും വിശദമായി മാനേജിംഗ് ഡയറക്ടറുടെ ചാർജ്ജ് വഹിക്കുന്ന ജനറൽ മാനേജർ വിശദീകരണം നൽകി. ചുവടെ പറയുന്ന തീരുമാനങ്ങൾ/അഭിപ്രായങ്ങൾ അറിയിച്ചു.

1. എസ്.എച്ച്.ജി അംഗങ്ങൾ മത്സ്യഫെഡിന്റെ കരാർ/താൽകാലിക ജിവനക്കാരല്ലാത്തതിനാലും, മത്സ്യഫെഡ് ജിവനക്കാരുടെ സ്ഥിരപ്പെടുത്തൽ സർക്കാർ തലത്തിൽ ആയതിനാലും, സ്ഥിരം ജീവനക്കാരുടെ നിയമനം പി.എസ്.സി വഴി ആയതിനാലും, എസ്.എച്ച്.ജി അംഗങ്ങളെ സ്ഥിരപ്പെടുത്തൽ പ്രക്രിയയിൽ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്ന് അറിയിച്ചു.

2. മത്സ്യത്തിന്റെ ഗുണനിലവാര പരിശോധന കർശനമാക്കുന്നതിനും, മാർട്ടിലെ എസ്.എച്ച്.ജി അംഗങ്ങളുടെ കമ്മീഷൻ ബാങ്ക് മുഖേന ആക്കുന്നതിനും ബേസ് സ്റ്റേഷനിൽ അറിയിച്ചുണ്ടെന്നും പ്രതിനിധികളെ അറിയിച്ചു.

Scanned with CamScanner

3. റോട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാർക്ക് ഒരു ദിവസം അവധി നൽകികൊണ്ട് ഞായറാഴ്ചകളിൽ മറ്റ് ജില്ലകളിലെ പോലെതന്നെ കോട്ടയം ജില്ലയിലെ ഫിഷ്മാർട്ടുകളും തുറന്ന് പ്രവർത്തിക്കുന്ന പക്ഷം എസ്.എച്ച്.ജി അംഗങ്ങളുടെ ഇൻസെന്റീവ് 20%-ത്തിൽ നിന്നും 25% മായി വർദ്ധിപ്പിക്കാമെന്ന് ചെയർമാൻ ഉറപ്പ് നൽകി.

4. "Other Expenses" എന്ന ശീർഷകത്തിൽ കാണിക്കുന്ന മാർട്ടിലെ ചെലവുകൾ ഇനം തിരിച്ച് നൽകുവാനും മത്സ്യത്തിന്റെ വാങ്ങൽ വില മാർട്ടുകൾക്ക് നൽകേണ്ടതാണെന്നും, മത്സ്യം കയറ്റി വരുന്ന വാഹനത്തിന്റെ ചാർജ്ജ് ഫിഷ്മാർട്ടുകളുടെ ദൂരം അനുസരിച്ച് ചാർജ്ജ് ഈടാക്കാൻ പാടുള്ളൂയെന്ന് പ്രതിനിധികൾ ആവശ്യപ്പെട്ടു ആയതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഉറപ്പുനൽകി.

5. യൂണിഫോം അലവൻസായി ബേസ് സ്റ്റേഷന്റെ ചെലവിൽ പ്രതിവർഷം 1,600/- രൂപ നൽകുന്നതിന് ഭരണസമിതി പരിഗണിക്കുകയും, ആയത് നൽകുന്നതിനുള്ള ഉത്തരവ് ബേസ് സ്റ്റേഷന് നൽകിയിട്ടുണ്ടെന്നും പ്രതിനിധികളെ അറിയിച്ചു.

6. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നത് മറ്റ് ജില്ലകളിലെ പോലെ തന്നെ ഞായറാഴ്ചകളിൽ ഉച്ചയ്ക്ക് 12 മണി വരെ കോട്ടയം ജില്ലയിലെ ഫിഷ്മാർട്ടുകൾ പ്രവർത്തിപ്പിക്കുന്ന പക്ഷം മാത്രമാണെന്നും ചെയർമാൻ അറിയിച്ചു.

തുടർന്ന് നടന്ന വിശദമായ ചർച്ചക്കൊടുവിൽ പ്രതിനിധികൾ ഉന്നയിച്ച പ്രായോഗികമായ ആവശ്യങ്ങൾ നിറവേറ്റിയിട്ടുണ്ടെന്നും മറ്റ് ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് അവയിൽ നിന്ന് പിന്തിരിയണമെന്നും, മാർട്ടുകൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിപ്പിച്ച് മാർട്ടിലെ എസ്.എച്ച്.ജി അംഗങ്ങളുടെ വരുമാനം ഉറപ്പാക്കി സമരത്തിൽ നിന്നും പിന്തിരിയുവാൻ അഭ്യർത്ഥിക്കുകയും മത്സ്യഫെഡിന്റെ സഹകരണം തുടർന്നും ഉണ്ടാകുമെന്നും ചെയർമാൻ ഉറപ്പു നൽകി. എസ്.എച്ച്.ജി അംഗങ്ങളുടെ മീറ്റിംഗ് വിളിച്ചുകൂട്ടി തീരുമാനം ഉടൻ അറിയിക്കാമെന്ന് ശ്രീ.പ്രേംകുമാർ അറിയിച്ചു.

യോഗം 12 മണിക്ക് അവസാനിച്ചു.

ജനറൽ മാനേജർ

സെക്ഷൻ ഓഫീസർ

Scanned with CamScanner